LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഭവന-മോട്ടോർ വാഹന വായ്പ

7 [T5461] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം സെക്രട്ടേറിയറ്റിലെ എത്ര ജീവനക്കാരുടെ പേരിൽ ഭവന വായ്പകളും വാഹന വായ്പകളും നിലവിലുണ്ട്;

(ബി) പ്രസ്തുത വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ജീവനക്കാർക്ക് നൽകാറുണ്ടോ;

(സി) എങ്കിൽ ഏത് കാലയളവ് വരെയുള്ള സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്ക് വായ്പകളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പേരിൽ 2,953 ഭവന വായ്പയും, 4,163 മോട്ടോർ വാഹന വായ്പയും നിലവിലുണ്ട്.

(ബി) നിലവിൽ തിരിച്ചടവിനെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുന്നില്ല. എന്നാൽ ആവശ്യപ്പെടുന്ന ജീവനക്കാർക്ക് സ്റ്റേറ്റ്മെന്റ് നൽകാറുണ്ട്.

(സി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി). 31-3-2003 വരെയുള്ള ലോൺ സംബന്ധമായ മിച്ച വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

നികുതി ഇളവുകൾ

8 [5462] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗങ്ങൾക്കാണ് വിവിധ തരത്തിലുള്ള നികുതി ഇളവുകൾ നൽകിയതെന്നും ആയതുകൊണ്ട് സർക്കാരിന് വരുമാനത്തിൽ എന്ത് കുറവ് വന്നിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) നികുതിയിളവ് നൽകിയതിന് എന്തായിരുന്നു മാനദണ്ഡം എന്ന് വ്യക്തമാക്കാമോ;

(സി) കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്കും ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്കും ഉണ്ടായിരുന്ന നികുതിയിൽ ഏതെല്ലാം വിഭാഗത്തിനാണ് ഇളവ് അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പുതിയതായി ഏതൊക്കെ ഇനങ്ങൾക്ക് നികുതിയിളവ് നൽകുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ നികുതിയിളവുകൾ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ആയി സമർപ്പിക്കുന്നു. പ്രസ്തുത നികുതിയിളവുകൾമൂലം നികുതി വരുമാനത്തിലുണ്ടായ കുറവ് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) നികുതിയിളവ് നൽകേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് നികുതിയിളവുകൾ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കേരള വിൽപ്പന നികുതി നിയമപ്രകാരം കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് നികുതി ഈടാക്കുന്നില്ല. ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ, പ്രവേശന നികുതി നിയമത്തിലെ പട്ടികയിൽപ്പെടുന്നതാണെങ്കിൽ പ്രവേശന നികുതി ഈടാക്കുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുകയോ സപ്ലൈ ചെയ്യുകയോ ചെയ്യുന്ന സാധനങ്ങൾക്ക് 1-1-1994 മുതൽ 31-3-1995 വരെയുള്ള കാലയളവിൽ 4% നികുതയായി കുറയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ട്.

വിൽപ്പന നികുതി വരുമാനം

9 [5463] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഓരോ ജില്ലയിലെയും വിൽപ്പന നികുതി വരുമാനം എന്തു തുക വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവുകളിൽ ഓരോ ജില്ലയിൽനിന്നും പിരിച്ചെടുക്കേണ്ടിയിരുന്ന തുക എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിൽപ്പന നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അവ എന്തു തുകവീതം ഏതൊക്കെ ഇനങ്ങളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിൽപ്പന നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു.††

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.¶

(സി) മേൽപ്പറഞ്ഞ കാലയളവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിൽപ്പന നികുതിയിനത്തിൽ ഉണ്ടായ വ്യത്യാസം അനുബന്ധമായി ചേർക്കുന്നു.§ മൊത്ത വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 3.31 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി അവലോകന-റിവ്യൂ യോഗങ്ങൾ

10 [5464] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
†† അനുബന്ധം IV (a)
¶ അനുബന്ധം IV (b)
§ അനുബന്ധം IV (c)

LIBRARY ARCHIVES Kerala Legislative Assembly